ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം
ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം
(ഹാജർ: ശ്രീദേവി.പി.)

വിഷയം : ജലസേചനം - ജീവനക്കാര്യം - ശ്രീമതി. ആൻസിവർഗീസ് (PEN 718407) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തിരുവനന്തപുരം മുമ്പാകെ സമർപ്പിച്ച OA /2143/2023 ന്റെ ഉത്തരവ് പരിഗണിച്ചു സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നത്- സംബന്ധിച്ച്.

പരാമർശം: 1) 18.10.2013 ലെ തിരുവനന്തപുരം കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസറുടെ DTB(1)2034/11 നമ്പർ നിയമന ശുപാർശ

2) 01.06.2026 ലെ ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ CEIA/6939/2023-B3

3) 08-06-2026 ലെ അടിമാലി മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ E1-28/93 VOL II നമ്പർ കത്ത്.

4) 22-12-2023 തീയതിയിലെ ഈകാര്യാലയത്തിലെ IC3-3511/2023 നമ്പർ ഉത്തരവ്

ഉത്തരവ് നം. CEIA/5069/2026-IC3 തിയതി - 04-11-2026

പരാമർശം (1) പ്രകാരം ക്ലാർക്ക് ആയി 29.11.2013 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. ആൻസി വർഗീസിന് 07.12.2018 ലെ B3-31695/2016 പ്രകാരം Rule 13(A)(1)(a) & 13A(2),Part II KS&SSR-ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് 07/07/2018 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകിയിരുന്നു.എന്നാൽ ടിയാൾ 3 വർഷത്തിനുള്ളിൽ ടെസ്റ്റ് പാസ് ആവാത്തതിനാൽ 10.07.2023 ലെ CEIA/2122/2023-B3 നമ്പർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തി ഉത്തരവായിരുന്നു. 26.10.2023 ലെ CEIA/2122/2023-B3(1) ഉത്തരവ് പ്രകാരം ടിയാൾക്കു വീണ്ടും സീനിയർ ക്ലാർക്ക് ആയി സ്ഥാനക്കയറ്റവും ലഭിക്കുകയും പരാമർശം (4) പ്രകാരമുള്ള 31.12.2022 വരെയുള്ള സീനിയർ ക്ലർക്ക് മാരുടെ അന്തിമ മുൻഗണന പട്ടികയിൽ ക്രമ നമ്പർ 679 ആയി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരത്തിന് മുമ്പാകെ ഫയൽ ചെയ്ത OA 2143/2023 ന്റെ 26.02.2026 ലെ വിധി പ്രകാരം, ആറു തവണയിൽ ടിയാൾ പ്രൊമോഷൻ വേണ്ട എല്ലാ ടെസ്റ്റുകളും പാസായതിനാൽ മുൻപ് സ്ഥാനക്കയറ്റം നൽകിയ 07/07/2018 തീയതി പ്രാബല്യത്തിൽ തന്നെ ശ്രീമതി.ആൻസി വർഗീസിനു സീനിയർ ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകി സൂചന (2) പ്രകാരം ഉത്തരവായിരുന്നു. മേൽ ഉത്തരവുകൾ അനുസരിച്ച് 31-12-2022 വരെയുള്ള സീനിയർ ക്ലർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ യഥാസ്ഥാനത്ത് ഉൾപ്പെടുന്നതിന് പരാമർശം (3) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീമതി.ആൻസി വർഗീസിനെ സൂചന (4) പ്രകാരമുള്ള 31.12.2022 വരെയുള്ള സീനിയർ ക്ലർക്ക് മാരുടെ അന്തിമ മുൻഗണന പട്ടികയിൽ ക്രമ നമ്പർ 679 ൽ നിന്നും നീക്കം ചെയ്ത ക്രമ നമ്പർ 390 ശ്രീമതി.ശ്രീഭ്രു.എ.യു വിനും ക്രമ നമ്പർ 391 ശ്രീമതി. ധന്യ.കെ ക്കും മദ്ധ്യേ 390A ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

Sl No.	Name	PEN	Date of Birth	Educational Qualifications	Date of Completion of probation	Order No.& Date of Promotion as Senior Clerk	Date of effect of promotion as Senior clerk	Date of acquiring Departmental Test Qualification	Remarks
390	Sreesubha.A.U	715946	15.05.1980	M.Sc, B.Ed	20.11.2015	B3-31695/ 2016 dt:07.12.2018	07.07.2018	04.05.2016	
390 (A)	Ancy Varghese	718407	25.03.1981	B.Sc, B.Ed	13.12.2015	CEIA/6939/2023-B3dt:01.06.2026	07.07.2018	13.07.2022	OA 2143/2023 dt:26.02.2026
391	Dhanya.K	720781	10.05.1987	BA	03.01.2016	B3-31695/ 2016(2) dt:26.10.2019	07.07.2018	03.11.2016	OA 2314/2018 dt:23.01.2019

Digitally signed by Sreedevi P
Date: 04-11-2026 17:28:14

SREEDEVI P
CHIEF ENGINEER

ചീഫ് എഞ്ചിനീയർ

പകർപ്പ്:-

1. ശ്രീമതി. ആൻസിവർഗീസ്, സീനിയർക്ലർക്ക് (മേലധികാരി മുഖേന)
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ , മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, അടിമാലി
3. സീനിയർസൂപ്രണ്ട്,ബി വിഭാഗം